(ബി) എങ്കിൽ പ്രസ്തുത ഉദ്യോഗസ്ഥനെ നിയമിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ഈ ഉദ്യോഗസ്ഥന്റെ കോൺട്രാക്ടിന്റെ കാലാവധി കഴിഞ്ഞിട്ടുണ്ടോ ;

(ഡി) എങ്കിൽ കാലാവധി കഴിഞ്ഞിട്ടും ഈ ഉദ്യോഗസ്ഥനെ ഫൈനാൻസ് മാനേജർ തസ്തികയിൽ തുടരാൻ അനുവദിക്കുന്നതിന്റെ കാരണം വിശദമാക്കാമോ ;

(ഇ) ഹാന്റക്സിൽ കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കുന്നുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ;

(എഫ്) എങ്കിൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഇതുവരെ എത്ര തുക ചെലവാക്കിയിട്ടുണ്ട് ; വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ഉത്തരം

(എ) കോൺട്രാക്ട് വ്യവസ്ഥയിൽ അല്ല നിയമിച്ചിട്ടുള്ളത്.

(ബി-ഡി) ബാധകമല്ല

(ഇ) ഹാന്റക്സിൽ കെൽട്രോൺ മുഖാന്തരം കമ്പ്യൂട്ടറൈസേഷൻ നടപ്പിലാക്കി വരുന്നുണ്ട്. ഇൻവെന്ററി, വിൽപ്പന, എന്നിവ കമ്പ്യൂട്ടറൈസ് ചെയ്ത് കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ സംഭരണശാലകൾ കമ്പ്യൂട്ടറൈസ് ചെയ്തിട്ടുണ്ട്. വിൽപ്പനശാലകളിലെ കമ്പ്യൂട്ടറൈസേഷൻ പുരോഗമിച്ചുവരുന്നു.

(എഫ്) ഹാന്റക്സിൽ കമ്പ്യൂട്ടറൈസേഷനുവേണ്ടി ഇതുവരെ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.

ഹാന്റക്സിന്റെ തുണി ഇടപാട്

264 (2502) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരമേറ്റ ശേഷം NSIC-Hosur ബ്രാഞ്ചിൽ നിന്നും ഹാന്റക്സ് എത്ര രൂപ വിലയുള്ള തുണിത്തരങ്ങൾ വാങ്ങി, പ്രസ്തുത ഇടപാടിന് ഹാന്റക്സ് ഭരണ സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നോ, ടി ഇടപാടുകൾ നടന്ന തീയതി, ബില്ലുകളുടെ പകർപ്പുകൾ എന്നിവയും, ഇതുസംബന്ധിച്ച് ഹാൻടെക്സ് പുറത്തിറക്കിയ ഉത്തരവുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

1,10,59,849 രൂപയുടെ തുണിത്തരങ്ങൾ സംഭരിച്ച ആയതിന് ഹാന്റെക്സ് ഭരണ സമിതിയുടെ അംഗീകാരം ഉണ്ടായിരുന്നു. ഹാന്റക്സിൽ നിന്നും ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ഇറക്കിയിട്ടില്ല ഇക്കാര്യത്തിലുള്ള ഭരണസമിതി യോഗതീരുമാനം, ഇൻവോയിസ് എന്നിവയുടെ പകർപ്പുകൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടർ നിയമനം

265 (2503) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹാന്റക്സിന്റെ ബൈലോ പ്രകാരവും ബഹു. ഹൈക്കോടതിയുടെ ഉത്തരവുപ്രകാരവും വ്യവസായ വകുപ്പിലെ ജോയിന്റ് ഡയറക്ടർ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥനെത്തന്നെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കണം എന്നു നിഷ്കർഷിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോൾ അവിടെ മാനേജിംഗ് ഡയറക്ടറെ നിയമിച്ചത് മേൽപറഞ്ഞ നിബന്ധനകൾ വിധേയമായിട്ടല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഉണ്ടെങ്കിൽ ആയതു തിരുത്തുവാൻ നടപടി സ്വീകരിക്കുമോ ;

(ഡി) ഇപ്പോഴത്തെ ഹാന്റക്സിന്റെ മാനേജിംഗ് ഡയറക്ടറുടെ പേരിൽ എത്ര വിജിലൻസ് കേസുകൾ ഉണ്ടായിട്ടുണ്ട് എന്നും ആയതിന്റെ വിശദാംശങ്ങളും ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത മാനേജിംഗ് ഡയറക്ടറെ നാളിതുവരെയുള്ള സർവ്വീസിൽ എത്രതവണ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ആയതിന്റെ ഓരോന്നിന്റെയും കാരണങ്ങളും വിശദമാക്കുമോ ;

(എഫ്) ഹാന്റെക്സിന്റെ മാനേജിംഗ് ഡയറക്ടറായി നിയമിക്കപ്പെടുന്നതിന് പ്രസ്തുത വ്യക്തിക്ക് ഉള്ള യോഗ്യതകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഫുൾടൈം സർക്കാർ ഉദ്യോഗസ്ഥനായിരിക്കണം എന്ന് ബൈലായിൽ നിഷ്കർഷിച്ചിട്ടുണ്ട്.

(ബി&സി) ഹാന്റക്സിൽ ഇപ്പോൾ മാർക്കറ്റിംഗ് മാനേജർക്ക് മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയാണ് നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly